മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

114 (119) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. ബി. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടും അതിന്റെയടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവ നടപ്പിലാക്കിയാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടേണ്ടിവരുന്ന പ്രതിസന്ധിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) വിദേശകപ്പലുകൾക്ക് കടൽ പൂർണ്ണമായി വിട്ടുകൊടുക്കുന്നതാണ് നയം എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കമ്മീഷൻ റിപ്പോർട്ടിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും മറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശത്ത് നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണ്. ഇവിടെ ബഫർ സോൺ ആയി നിലനിറുത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകുകയും ചെയ്യും. കൂടാതെ 270 ആഴക്കടൽ യാനങ്ങൾക്കുകൂടി അനുമതി നൽകാവുന്നതാണെന്ന ശിപാർശയും വിദേശകപ്പലുകൾ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നതിന് സഹായകരമാകുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ ശിപാർശകൾ ഒന്നുംതന്നെ നടപ്പിലാക്കരുത് എന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.-മാരോടും ഈ വിഷയത്തിൽ ഇടപെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അതിനായി സമ്മർദ്ദം ചെലുത്തുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിശോധിച്ചിട്ടുണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശത്ത് നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണ്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഈ പ്രദേശം ഒരു ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. ഇപ്പോൾത്തന്നെ LOP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതുകാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. കൂടാതെ LOP വെസ്സലിന് നിരോധിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കടലിലെ ചില പ്രദേശത്തെ നിരോധനം നീക്കാനുള്ള ശിപാർശ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. നിലവിലുള്ള മത്സ്യബന്ധനങ്ങൾക്കുപുറമെ 240 Tuna long lines ഉം 15 purse scines-ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് EEZ-ൽ മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും.

(ഇ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും പ്രതികൂലമായി ബാധിക്കും എന്നതിനാൽ ഈ ശിപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് ആഭ്യർത്ഥിച്ചിട്ടുണ്ട്.

സമുദ്രമത്സ്യബന്ധന നിയമം

115 (120) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ചു കൊണ്ടുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) മത്സ്യബന്ധനമേഖലയിൽ ട്രാഷ് ഫിഷിംഗ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് , മത്സ്യബന്ധന ചട്ടം അനുസരിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കേരള മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ചുകൊണ്ടുള്ള മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly